ICFLCയുടെ അന്തർദേശീയ കമ്മിറ്റി നിർദ്ദേശിക്കപ്പെട്ട ഒരു കൂട്ടായ്മയാണ് ചെറുനാണയ കൂട്ടായ്മ. എല്ലാ പ്രാദേശികമായ സ്ത്രീജനസഖ്യ കൂട്ടായ്മകൾക്കും അവർക്ക് അനുയോജ്യമായ പാട്ടുകളും മറ്റാരാധന ക്രമങ്ങളും ഈ ആരാധനയിൽ ഉപയോഗിക്കാം. ( ഉദാ: നാടകീയമായ അവതരണം, സന്ദേശം,ചർച്ചകൾ മുതലായവ ) മാത്രമല്ല ഈ ആരാധനയിൽ വ്യത്യസ്തമായ നേതൃത്വ പാടവമുള്ളവർക്ക് വളരെയധികം പങ്കാളിത്തത്തോടെ ഉൾച്ചേരുവാൻ കഴിയും .

ഈ കൂട്ടായ്മയുടെ ആരാധനക്രമം എല്ലാവർഷവും ജൂലൈ മാസം പ്രസിദ്ധീകരിക്കുകയും വിതരണം ചെയ്യുകയും ചെയ്യുന്നു. സെപ്റ്റംബർ മാസം ഈ ആരാധന നടത്തപ്പെടുന്നു. എന്നാൽ ഉചിതമായ മാസങ്ങളിൽ വ്യത്യസ്ത ദേശങ്ങളിൽ ,വ്യത്യസ്ത സഭ നേതൃത്വങ്ങളുടെ കൂടിവരവുകളിൽ ,ഈ യോഗങ്ങൾ നടത്തപ്പെടുന്നു .ഈ ആരാധനയിലൂടെ നിങ്ങൾക്ക് ലഭിക്കുന്ന അനുഭവങ്ങൾ കഥകളായോ, ചിത്രങ്ങൾ ആയോ ,അനുഭവക്കുറിപ്പുകൾ ആയോ ഞങ്ങൾക്ക് അയച്ചു തരാവുന്നതാണ്. അതുമാത്രമല്ല കോവിഡ് പശ്ചാത്തലം നിലനിൽക്കുന്ന സാഹചര്യത്തിൽ എല്ലാവരും അവരവരുടെ ആരോഗ്യ പരിരക്ഷ കൈവരിക്കാൻ ശ്രമിക്കേണ്ടതാണ് .നിങ്ങളുടെ അഭിപ്രായങ്ങൾ

icflcph@gmail.com എന്ന ഈ മെയിലിലേക്ക് നിങ്ങൾക്ക് അയക്കാവുന്നതാണ്. അർത്ഥവത്തായ ഒരു ആരാധന നിങ്ങൾക്ക് ലഭിക്കട്ടെ.

ആമുഖം.

ആരാധനയ്ക്ക് മുന്നൊരുക്കം എന്ന വണ്ണം വ്യത്യസ്ത വാദ്യോപകരണങ്ങളാൽ സമൂഹത്തെ ആകർഷിക്കുന്ന വിധം, ആരാധന തുടങ്ങാൻ പോകുന്നു എന്ന സൂചന നൽകാം .ഏതെങ്കിലും തുറസ്സായ സ്ഥലത്ത് വെച്ച് (പൂന്തോട്ടം, കടൽത്തീരം, വനംപ്രദേശം ,പ്രകൃതിയുമായി ഇണങ്ങിയ സ്ഥലം) വ്യത്യസ്തമായ പ്രവർത്തനങ്ങൾ ചെയ്തു തുടങ്ങാം. അതിനുശേഷം തെരഞ്ഞെടുക്കപ്പെട്ട വ്യക്തികളെ ചേർത്ത് അൾത്താരയിലേക്ക് പഴവർഗ്ഗങ്ങൾ, മറ്റു ഭക്ഷണ സാധനങ്ങൾ, താലങ്ങളിൽ കൊണ്ടുവരാൻ നിയോഗിക്കാം.

സ്വാഗതവും ആശംസയും.

ആരാധനയ്ക്കുള്ള ആഹ്വാനം.

ശുശ്രൂഷകൻ : "അനന്തരം ദൈവം : ആകാശത്തിന് കീഴിലുള്ള വെള്ളം ഒരു സ്ഥലത്ത് കൂടട്ടെ , ഉണങ്ങിയ നിലം കാണട്ടെ എന്ന് കല്പിച്ചു. അങ്ങനെ സംഭവിച്ചു .ഉണങ്ങിയ നിലത്തിന് ദൈവം ഭൂമി എന്നും വെള്ളത്തിൻറെ കൂട്ടത്തിന് സമുദ്രം എന്നും പേരിട്ടു. നല്ലത് എന്ന് ദൈവം കണ്ടു. ഭൂമിയിൽ നിന്ന് പുല്ലും വിത്തുള്ള സസ്യങ്ങളും ഭൂമിയിൽ അതത് തരം വിത്തുള്ള ഫലം കായ്ക്കുന്ന വൃക്ഷങ്ങളും മുളച്ചു വരട്ടെ എന്ന് ദൈവം കൽപ്പിച്ചു. അങ്ങനെ സംഭവിച്ചു. ഭൂമിയിൽ നിന്ന് പുല്ലും അതത് തരം വിത്തുള്ള ഫലം കായ്ക്കുന്ന വൃക്ഷങ്ങളും മുളച്ചു വന്നു.നല്ലത് എന്ന് ദൈവം കണ്ടു."

ജനം : ഞങ്ങളുടെ സൃഷ്ടാവായ ദൈവമേ, ഞങ്ങൾ അങ്ങയെ സ്തുതിക്കുന്നു. ഞങ്ങളുടെ ജീവിത സന്ധാരണത്തിനായി കരയെയും സമുദ്രത്തെയും സൃഷ്ടിച്ചതിനാൽ ഞങ്ങൾ അങ്ങയെ വാഴ്ത്തുന്നു. ഫലവൃക്ഷങ്ങൾ കായ്ക്കാൻ മണ്ണിനെയും അതിൽ നിന്ന് എല്ലാവിധ ചെറുതും വലുതുമായ, വിവിധ വിഭവങ്ങൾക്കായും വ്യത്യസ്ത നിറത്തിലും തരത്തിലുമുള്ള സൃഷ്ടിജാലങ്ങൾക്കായും ഞങ്ങൾ അങ്ങയെ മഹത്വപ്പെടുത്തുന്നു.

ശുശ്രൂഷകൻ : " അനന്തരം ദൈവം : നാം നമ്മുടെ സ്വരൂപത്തിൽ ,നമ്മുടെ സാദൃശ്യപ്രകാരം മനുഷ്യനെ

ഉണ്ടാക്കുക. അവർ സമുദ്രത്തിലുള്ള മത്സ്യത്തിന്മേലും ആകാശത്തിൽ ഉള്ള പറവ ജാതിയിൻമേലും മൃഗങ്ങളിൻ മേലും സർവഭൂമിയിന്മേലും ഭൂമിയിൽ ഇഴയുന്ന എല്ലാ ഇഴ ജാതിയിൻമേലും വാഴട്ടെ എന്ന് കൽപ്പിച്ചു. ഇങ്ങനെ ദൈവം തൻ്റെ സ്വരൂപത്തിൽ മനുഷ്യനെ സൃഷ്ടിച്ചു. ദൈവത്തിൻറെ സ്വരൂപത്തിൽ അവനെ സൃഷ്ടിച്ചു. ആണും പെണ്ണും ആയി അവരെ സൃഷ്ടിച്ചു."

ജനം: ഈ ഭൂമിയെയും ഭൂമിയിൽ വസിക്കാൻ മാനവകുലത്തേയും ,സൃഷ്ടിച്ച അങ്ങയെ ഞങ്ങൾ വാഴ്ത്തുന്നു.

സ്തുതി ഗീതം.

ശുശ്രൂഷകൻ: മാനവകുലത്തിന്റെ സൃഷ്ടാവേ, ഞങ്ങൾ അങ്ങയെ വാഴ്ത്തുന്നു .സൃഷ്ടികളെ പരിപാലിച്ച് അവയെ മേൽനോട്ടം വഹിക്കാൻ അങ്ങ് ഞങ്ങളെ നിയോഗിച്ചുവല്ലോ. എന്നാൽ ഞങ്ങൾ ഞങ്ങളുടെ ഉത്തരവാദിത്വം മറന്നു സ്വാർത്ഥരും അത്യാഗ്രഹികളുമായി മാറിയെന്ന് ഞങ്ങൾ സമ്മതിക്കുന്നു. അങ്ങ് നൽകിയ

നിയോഗങ്ങളെ മറന്നു, ഞങ്ങൾ അങ്ങയുടെ നാമത്തെ മഹത്വീകരിച്ചതുമില്ല.

[ നമ്മുടെ വാസ സ്ഥലമായ ഭൂമിയുടെ ഇപ്പോഴുള്ള അവസ്ഥയെ, നിശബ്ദമായി അല്പസമയം ധ്യാനിക്കാം]

ചില നിർദ്ദേശങ്ങൾ .

1. ഭൂമിയുടെ നാശത്തെയും കാലാവസ്ഥ പരിണാമങ്ങളുടെയും ചിത്രങ്ങളോ സംഗീതാവിഷ്കാരമോ ഈ സമയം പശ്ചാത്തലമായി ഉപയോഗിക്കാം.
2. ആരാധനയിൽ പങ്കെടുക്കുന്നവരുടെ സങ്കടങ്ങൾ, അവർ ഉൾക്കൊള്ളുന്ന സമൂഹത്തിൻറെ വിലാപങ്ങൾ ഒക്കെ പങ്കുവയ്ക്കാം.

ശുശ്രൂഷകൻ : കാര്യസ്ഥരായി ഞങ്ങളെ തിരഞ്ഞെടുത്തെങ്കിലും ഞങ്ങൾ അങ്ങയുടെ നിയോഗങ്ങളെ പലപ്പോഴും മറന്നു, നാഥാ...

സ്വസ്നേഹികളും അത്യാഗ്രഹികളും തികഞ്ഞ സ്വാർത്ഥരുമായി ഞങ്ങൾ അങ്ങയുടെ സൃഷ്ടിജാലകങ്ങളെ ചൂഷണം ചെയ്തെന്ന്

സമ്മതിക്കുന്നു. പ്രകൃതിയെ സംരക്ഷിക്കേണ്ട ഞങ്ങൾ അതിന് മുതിർന്നില്ല .ഞങ്ങളുടെ രക്ഷിതാവായ ദൈവമേ, ഞങ്ങളോട് കൃപ ചെയ്ത്, ഞങ്ങളുടെ അപരാധങ്ങളെ പൊറുക്കേണമേ.

ചില നിമിഷങ്ങൾ മൗനമായി പ്രാർത്ഥിക്കാം .

ജനം: " സകലഭൂ വാസികളുമായു ള്ളോരേ,

നടുങ്ങുവിൻ " എന്ന വചനം ഞങ്ങൾ ഓർമിക്കുന്നു. ഞങ്ങളിതാ ഭൂമിയുടെ നാശത്തിനും പ്രകൃതിയുടെ ക്ഷോഭങ്ങൾക്കും സാക്ഷ്യം വഹിച്ചിരിക്കുന്നു . ഞങ്ങളുടെ സഹജീവികളുടെ വിലാപം ഞങ്ങളുടെ കാതുകളിൽ മുഴങ്ങുന്നു. ഞങ്ങൾക്ക് ഞങ്ങളുടെ തെറ്റുകൾ മനസ്സിലാകുന്നു. നീതിപൂർവ്വം ഞങ്ങളോട് അങ്ങ് ക്ഷമിക്കേണമേ. സഹജീവികളോടും പ്രകൃതിയോടും നൽകേണ്ട നീതി പുനഃസ്ഥാപിക്കുവാൻ ,അതിനുവേണ്ടി പ്രവർത്തിക്കുവാൻ, ഞങ്ങളെ ശക്തികരിക്കേണമേ.

പ്രാർത്ഥന .

ദൈവ സൃഷ്ടിയെ ദുരുപയോഗം ചെയ്യുന്നതും നാശം വിതയ്ക്കുന്നതുമായ പ്രവണതകൾ മാറുവാൻ വേണ്ടി നമുക്ക് പ്രാർത്ഥിക്കാം.

ദൈവസൃഷ്ടികളുടെ ഫലങ്ങളെ തുല്യമായി പങ്കുവയ്ക്കാനും ജീവിത സന്ധാരണത്തിനായി ജലവിഭവങ്ങളെയും ഭൂമിയിലെ മുഴുവൻ സൃഷ്ടികളെയും രാഷ്ട്രത്തിനായും വരുംതലമുറയ്ക്ക് വേണ്ടിയും കാക്കുവാനുള്ള മനസ്സ് നൽകുവാനും നമുക്ക് പ്രാർത്ഥിക്കാം .

സർവ്വശക്തനായ ദൈവമേ അങ്ങ് ഈ ഭൂമിയെ സൃഷ്ടിച്ചു തന്നത് ,അതിലൂടെ ഞങ്ങളുടെ ജീവിതം പുലർത്തുവാൻ ആണല്ലോ .വളരെ ബുദ്ധിപൂർവ്വം സൃഷ്ടിജാലങ്ങളെ പരിപാലിക്കുവാനും ഭൂവിഭവങ്ങളെ ഉപയോഗിക്കുവാനും ഞങ്ങളെ പ്രചോദിപ്പിക്കേണമേ. അങ്ങയുടെ മഹാമനസ്കതയിൽ ഞങ്ങൾ ആശ്രയിക്കുന്നു. അങ്ങയിൽ നിന്നും ശക്തി സംഭരിച്ച്, ദാരിദ്ര്യത്തിൽ നിന്നും ക്ഷാമത്തിൽ നിന്നും അടിച്ചമർത്തലിൽ നിന്നും നിത്യ സ്വാതന്ത്ര്യത്തിലേക്ക് ഞങ്ങളെ നയിക്കേണമേ. ആമേൻ.

വേദഭാഗ വായന : സങ്കീ. 96 : 11- 13, 135: 5 -6,

റോമർ :8: 19- 13.

പ്രബോധനം:

ഭൂമിയെ പരിരക്ഷിക്കുന്നതിന് വേണ്ടിയുള്ള നിങ്ങളുടെ FLC അനുഭവകഥകൾ പങ്കുവയ്ക്കാം.

സൂചനകൾ :

1. നിങ്ങൾ ഭൂമിയുടെ സൗഖ്യത്തിനായി, വ്യക്തിപരമാ യോ ഒരു സമൂഹമായോ,എന്തൊക്കെ കാര്യങ്ങൾ ചെയ്തു? ചെയ്യുന്നു ? പ്രത്യേകിച്ച് ഭൂമിയെയും അതിലെ വിഭവങ്ങളെയും സംരക്ഷിക്കാൻ നമുക്ക് എന്തൊക്കെ കാര്യങ്ങൾ ചെയ്യാം എന്ന് സൂചിപ്പിക്കാം .
2. ഭൂമിയുടെ നിലനിൽപ്പ് പുനസ്ഥാപിക്കപ്പെടുവാൻ എന്തൊക്കെ തെളിമയുള്ള കാര്യങ്ങൾ അടയാളങ്ങൾ ചുറ്റിലും നടക്കുന്നു, കാണുന്നു എന്ന് സൂചിപ്പിക്കാം.
3. FLC യുടെ പ്രവർത്തനങ്ങളിലൂടെ ഭൂവിഭവങ്ങൾക്ക് മാത്രമല്ല നിങ്ങൾക്ക് വ്യക്തിപരമായോ ,ഒരു സമൂഹമായോ ഉദ്ധാരണ പ്രവർത്തനങ്ങൾ ചെയ്യുവാൻ, നീതിയും സമാധാനവും പുലർത്തുവാൻ, കഴിയുന്നുണ്ടോ? എന്ന് സൂചിപ്പിക്കാം.

ഉടമ്പടി നിർമ്മാണം.

നിങ്ങൾ ഉൾപ്പെടുന്ന കൂട്ടായ്മയിൽ സാർത്ഥകമായ കാര്യങ്ങൾ ഏറ്റെടുക്കുവാൻ ഉടമ്പടി ചെയ്യാം. ഉദാഹരണമായി ഭൗമ ദിനത്തിലെ പ്രവർത്തനങ്ങൾ: വൃക്ഷത്തെ നടൽ, പ്രകൃതിയിലേക്ക് നടന്നു കൊണ്ടുള്ള ധ്യാനം, പ്ലാസ്റ്റിക് നിരോധനം മുതലായവയിൽ പങ്കെടുക്കാം.നിങ്ങളുടെ പ്രവർത്തനങ്ങൾ, പ്രതിജ്ഞകൾ ഒരു കാർഡിൽ എഴുതി FLC യുടെ ദാനാർപ്പനണത്തോടൊപ്പം നൽകാവുന്നതാണ്.

ദാനാർപ്പണം _:

ചെറുനാണയങ്ങളും പ്രതിജ്ഞ കാർഡുകളുടെയും ശേഖരണം ഈ സമയം ചെയ്യാവുന്നതാണ്.

ആഹ്വാനം.

സകല അനുഗ്രഹങ്ങളുടെയും ഉറവയായ ദൈവത്തെ നമുക്ക് സ്തുതിക്കാം.

ജീവജാലങ്ങൾ മുഴുവനും ദൈവത്തെ സ്തുതിക്കട്ടെ.

വചനം ജഡമായി തീർന്ന നമ്മുടെ സ്യഷ്ടാവും രക്ഷകർത്താവുമായ യേശു കർത്താവിനെ ,പരിശുദ്ധ ദൈവത്തെ നമുക്ക് ഒന്നായി വാഴ്ത്താം .

ഉടമ്പടിയ്ക്കായുള്ള ആഹ്വാനം.

ശുശ്രൂഷകൻ: ഈ ഭൂമിയിൽ ശ്വസിക്കാൻ നല്ല വായുവും കുടിക്കാൻ മലിനമാകാത്ത ജലവും ഇല്ലായെങ്കിൽ നാം നമ്മുടെ ജീവിതത്തിൽ ചെയ്യാൻ ആഗ്രഹിക്കുന്ന ഒന്നും സംഭവിക്കുവാൻ പോകുന്നില്ല എന്ന് ഓർമ്മിക്കാം. വെറുതെ ഇരുന്ന് സമയം പാഴാക്കാതെ, ഈ ഭൂമിയിൽ ഒരു സന്നിദ്ധഘട്ടത്തിലാണ് ഞാനും നിങ്ങളും ഇന്ന് ജീവനോടെ ഇരിക്കുന്നത് എന്ന് ഓർമിച്ച്, ഭൂമിയുടെ നിലനിൽപ്പിന് വേണ്ടിയുള്ള പ്രവർത്തനങ്ങളിൽ വ്യാപൃതരാകാം.

ജനം: ഈ ഭൂമിയിലെ സ്യഷ്ടിജാലങ്ങളെ പരിപാലിക്കുവാനും നഷ്ടപ്പെട്ടുപോയ ഭൂസമൃദ്ധിയെ പുനഃസ്ഥാപിക്കുവാനും നമുക്ക് ഒരുമിക്കാം. നമ്മുടെ വാസസ്ഥലമായ ഈ ഭൂമിയിലെ എല്ലാ വിഭവങ്ങളെയും നമുക്ക് പാലിക്കാം എന്ന് പ്രതിജ്ഞ എടുക്കാം.

വായുവിനെ പുനസ്ഥാപിക്കാൻ പ്രതിജ്ഞ എടുക്കാം.

സ്ത്രീകൾ :വനങ്ങളേയും സസ്യജാലങ്ങളെയും സംരക്ഷിക്കുവാ ൻ നമുക്കൊന്നായി അണിചേരാം.

പുരുഷന്മാർ : കടലുകളെയും സൂര്യ ചന്ദ്ര നക്ഷത്രാദികളെയും പരിപാലിക്കാൻ നമുക്കൊന്നായി അണിചേരാം.

യുവാക്കളും കുഞ്ഞുങ്ങളും : നീതിയും സമാധാനവും സൃഷ്ടികളു ടെമേൽ അഖണ്ഡതയും പുലരുവാൻ നമുക്കൊന്നായി അണിചേരാം.

ജനം : ഞങ്ങളെല്ലാവരും അണിചേരുന്നു,

ഭൂമിയെ കാക്കുവാൻ ,

പരിപാലിച്ചിടുവാൻ...

എല്ലാ ജീവജാലങ്ങളുടെയും പുനരുജ്ജീവനം സാധ്യമാക്കുവാൻ ,

ഞങ്ങൾ എല്ലാവരും ഒന്നിച്ച് പ്രവർത്തിക്കും .

അങ്ങനെ വരും തലമുറകൾക്ക് വേണ്ടി ഈ ഭൂമിയെ വാസയോഗ്യമാക്കി തീർക്കാം,

ഭൂമിയെ സൗഖ്യത്തിലേക്ക് നയിക്കാം.

(കടപ്പാട്:   UNEP )

സമാപന ഗാനം

(സൗഖ്യത്തിന്റെ ഗാനം )

സൗഖ്യം ഒഴുകുന്നു, ജലരാശിയായി -

ഏദനിൽ നിന്നും

പഴമയിൽ നിന്നും പുതിയതിലേക്ക്,

സൗഖ്യത്തിന് നദി ലോകം മുഴുവനും ദൈവം അയക്കുന്നു..

സൗഖ്യം ഉദിക്കുന്നു പ്രഭാതം പോലെ

പുതിയ സൗഖ്യം ഉദിക്കുന്നു കൃപയാലെ

ഭൂമിതൻ ഉണങ്ങാത്ത മുറിവുകളിൽ,

സൗഖ്യം ഉദിക്കുന്നു.....

ജീവ വൃക്ഷത്തിൽ നിന്നും സൗഖ്യം ഒഴുകുന്നു യുദ്ധങ്ങളിൽ നിന്നും മുക്തി നേടാം

സമാധാന തീരത്തേക്ക് നീങ്ങാം...

സൗഖ്യം ഇതാ ഒഴുകുന്നു.

ക്ഷമയുടെ,വിശ്വാസത്തിൻറെ

മരണത്തിലും കെടാത്ത ക്രിസ്തുവിൻറെ

സൗഖ്യം ഉദിക്കുന്നു ...

ക്രിസ്തുവിൻറെ ശരീരത്തിൽ നിന്നും സൗഖ്യം ഒഴുകുന്നു ...

ക്രിസ്തുവിന്റെ രക്തത്തിൽ നിന്നും...

ഉണങ്ങാത്ത മുറിവുകളെ സൗഖ്യമാക്കുമീ നദി,

വരൂ, സഹജരേ, സൗഖ്യം നുകർന്നിടാം.

സമാപന പ്രാർത്ഥന.

ആശിർവാദം

വാഗ്ദത്തങ്ങളിൽ വിശ്വസ്തനായ കർത്താവിൻറെ സാന്നിധ്യ വും സന്തോഷവും പ്രത്യാശയും നിങ്ങളുടെ ഹൃദയങ്ങളിൽ നിറയുമാറാവട്ടെ .

ഈ ഭൂമിയെ പരിപാലിക്കുവാനുള്ള ജ്ഞാനം നിങ്ങൾക്ക് ലഭിക്കുമാറാകട്ടെ .നമ്മുടെ സ്വന്തം

താല്പര്യങ്ങൾക്കും അത്യാഗ്രഹങ്ങൾക്കും വേണ്ടി നീതി നിഷേധിച്ചവർക്ക് ,

നീതി ലഭിക്കുമാറാവട്ടെ.

നമ്മുടെ ദൈവം എവരെയും സ്പർശിക്കുമാറാകട്ടെ. നമ്മുടെ മുറിവുകളെ മാത്രമല്ല ,ഈ ഭൂമിയുടെ മുറിവുകളെയും ദൈവം സ്പർശിക്കുമാറാകട്ടെ. നമ്മുടെ സർവ്വശക്തനായ ദൈവം, നമ്മുടെ സൃഷ്ടി കർത്താവ് ,പരിപാലകൻ ,നമ്മെ സ്വതന്ത്രനാക്കുന്ന ആ ദൈവത്തിൻറെ കൃപയും സമാധാനവും നിങ്ങളുടെ മേൽ ഇന്നും എന്നും എപ്പോഴും ഉണ്ടായിരിക്കുമാറാകട്ടെ ,ആമേൻ.

അനുബന്ധം.

നമ്മുടെ FLC കഥ ( വായിക്കുകയോ അവതരിപ്പിക്കുകയും ചെയ്യാം)

രണ്ടിലൊന്ന് ( ദൈർഘ്യം എറിയത് )

ലീഡർ: 2: 1956-ൽ ക്രൈസ്തവ വനിതയായ ശാന്തി സോളമൻ വിഭാവന ചെയ്ത പ്രസ്ഥാനമാണ് The Fellowship of the Least Coin.(FLC) . പ്രസ്ബറ്റീരിയ ന് വനിതാ സംഘം നിയോഗിച്ച അമേരിക്കയിലെ അന്തർദേശീയ മിഷനറി കൂട്ടായ്മയിലെ അംഗമായിരുന്നു ശാന്തി.

അവർ ഉൾപ്പെടുന്ന സംഘം ഏഷ്യ മുഴുവൻ സന്ദർശിക്കുകയും രണ്ടാം ലോകമഹായുദ്ധത്തിൽ മുറിവേറ്റവരെ കണ്ടെത്തുകയും അവരെ കേൾക്കുകയും ചെയ്തു. ആ കൂട്ടായ്മ, യുദ്ധത്തിൻറെ ,ആക്രമണത്തിന്റെ ,ഭീതിയുടെ, മരണവേദനയുടെ ,ഒറ്റപ്പെടലിന്റെ കഥകൾ ഒരുമിച്ച് കേട്ടു.

ലീഡർ 3: ഒരിക്കൽ ശാന്തിയും അവരുടെ ടീമും ജപ്പാനിൽ എത്തിയപ്പോൾ മൂന്ന് ജാപ്പനീസ് വനിതകളെ അവർ വിമാനത്താവളത്തിൽ കണ്ടുമുട്ടി. അവർ ശാന്തിക്കും മറ്റുള്ളവർക്കും ഹാരങ്ങൾ അണിയിച്ചു. പക്ഷേ അവരോടൊപ്പം ഉള്ള അമേരിക്കക്കാർക്ക് നൽകിയില്ല. കാരണമെന്തെന്ന് അന്വേഷിച്ചപ്പോൾ അമേരിക്കൻ വനിതകളെ അവർ സ്വാഗതം ചെയ്യുന്നില്ല എന്ന് പറഞ്ഞു. രണ്ടാം ലോകമഹായുദ്ധത്തിൽ അമേരിക്ക നടത്തിയ ബോംബ് ആക്രമണത്തിൽ, ഹിരോഷിമ, നാഗസാക്കി തുടങ്ങിയ ഇടങ്ങളെല്ലാം കാണുവാനും അവരുടെ വിഷമങ്ങൾ മനസ്സിലാക്കുവാനും സാധിച്ചു. 80,000 വ്യക്തികൾ തത്ക്ഷണം മരിക്കുകയും

തുടർന്നുള്ള വർഷങ്ങളിൽ അതിൻറെ പ്രത്യാഘാതങ്ങൾ അവർ അനുഭവിക്കുകയും ചെയ്തു കൊണ്ടിരിക്കുന്നു. ജപ്പാൻകാർക്ക്

അമേരിക്കക്കാരോടുള്ള വിദ്വേഷവും വളർന്നുകൊണ്ടിരിക്കുന്നു.

ലീഡർ 4.

ശാന്തിയും സംഘവും ഫിലിപ്പൈൻസിൽ എത്തിയപ്പോൾ ഫിലിപ്പിനാസുകാർ അവരുടെ ആഭരണങ്ങൾ തങ്ങളുടെ സഭ പുതുക്കിപ്പണിയുന്നതിന് ഉപയോഗിക്കുന്നത് കാണുവാൻ സാധിച്ചു . ജപ്പാൻകാരുടെ സഹായം വേണമോ എന്ന് ചോദിച്ചപ്പോൾ അവരുടെ ജീവിതകാലത്ത് വേണ്ട എന്ന് അവർ പറയുകയുണ്ടായി. ജപ്പാൻകാരോട് ഒരു അകൽച്ച ഫിലിപ്പൈൻസുകാർക്ക് നിലനിൽക്കുന്നു.

ലീഡർ 5

ശാന്തിയും സംഘവും സൗത്ത് കൊറിയയിലേക്ക് പോയപ്പോൾ ശാന്തിക്ക് ഫിലിപ്പൈൻസിൽ തങ്ങേണ്ടിവന്നു. തൻറെ വിസ അപേക്ഷ നിരസിച്ചതിനാൽ ആണ് അങ്ങനെ ചെയ്യേണ്ടി വന്നത്. ആ സമയങ്ങളിൽ ഭാരതവും സൗത്ത് കൊറിയയും നയപരമായ പ്രശ്നങ്ങളിൽ ഇടപെട്ടിരുന്നു. കൊറിയൻ യുദ്ധത്തിനുശേഷം യു എൻ സെക്രട്ടറിയുടെ അപേക്ഷ പ്രകാരം അന്നത്തെ ഭാരതത്തിൻറെ പ്രധാനമന്ത്രി ജവഹർലാൽ നെഹ്റു,

തെക്കും വടക്കും കൊറിയയുടെ അതിർത്തികൾ തമ്മിൽ ഉള്ള പ്രശ്നങ്ങളിൽ,

അതിർത്തി രേഖ സ്ഥാപിച്ച് പരിഹാരം കണ്ടെത്തി. എന്നാൽ ഭൂരിപക്ഷം കൊറിയൻ ജനതയും അവരുടെ രാജ്യം രണ്ടായി വിഭജിക്കാൻ ആഗ്രഹിച്ചിരുന്നില്ല. ആയതിനാൽ ഇന്ത്യൻ വംശജയായ ശാന്തിയെ സൗത്ത് കൊറിയയിൽ അവർ സ്വാഗതം ചെയ്തില്ല.

ലീഡർ 2.

രാജ്യങ്ങൾ തമ്മിലുള്ള വിഭാഗീയതയും യുദ്ധങ്ങളും ആക്രമണങ്ങളും കണ്ടും കേട്ടുമറഞ്ഞ ശാന്തി, നീതിക്കും സമാധാനത്തിനും അനുരഞ്ജനത്തിനും വേണ്ടി പ്രാർത്ഥിച്ചു .ക്രിസ്ത്യൻ വനിതകൾ ഈ വിഷയങ്ങളിൽ പ്രാർത്ഥിച്ചാൽ ലോകത്തിൽ സമാധാനത്തിൻ്റെ അലകൾ തീർക്കാൻ ആകുമെന്ന് അവർ വിശ്വസിച്ചു.

ലീഡർ 3.

ശാന്തിയും സംഘവും തമ്മിൽ തമ്മിൽ പ്രാർത്ഥിക്കാം എന്നും പ്രശ്നങ്ങൾ എവിടെയുണ്ടോ അത്തരം വ്യക്തികളുടെ മധ്യേ ദൈവിക കൃപയും ക്ഷമയും പകരാമെന്നും പ്രതിജ്ഞ എടുത്തു. അവർ അങ്ങനെ പ്രാർത്ഥിച്ചു തുടങ്ങിയപ്പോൾ ലോകം

മുഴുവൻ സമാധാനവും നീതിയും അനുരഞ്ജനവും, മനുഷ്യഹൃദയങ്ങളിൽ വ്യാപിച്ചു.

ലീഡർ നാല്.

ഓരോ പ്രാർത്ഥനയുടെയും പിന്നാലെ ഓരോ ചെറിയ നാണയവും മാറ്റിവയ്ക്കുവാൻ അവർ തീരുമാനിച്ചു. മാറ്റിവയ്ക്കുന്ന തുക,ഏറ്റവും ചെറുതായിരിക്കണം .എന്നാൽ മാത്രമേ സമാധാനത്തിനു വേണ്ടി പങ്കാളിയാകുവാൻ എല്ലാ സാമൂഹിക സാമ്പത്തിക രംഗങ്ങളിലും ഉള്ള വനിതകൾക്ക് സാധിക്കുകയുള്ളൂ.

ലീഡർ 5:

ഇന്ന് ഈ ചെറു നാണയ കൂട്ടായ്മ ( F LC) പ്രാർത്ഥനയ്ക്കു വേണ്ടിയുള്ള ആഗോള പ്രസ്ഥാനമായി വളർന്നു കഴിഞ്ഞു.

സമാധാനത്തി നായും, നീതിയ്ക്കായും അനുരഞ്ജനത്തിനായും വേണ്ടി പ്രാർത്ഥിക്കുവാനും ലിംഗ സമത്വത്തിനും മാനവ അഖണ്ഡതയ്ക്കും വേണ്ടി ലോകത്തിന് തന്നെ മാതൃകയായി ഈ പ്രാർത്ഥന കൂട്ടായ്മ നിലകൊള്ളുന്നു.

രണ്ടിലൊന്ന് ( ദൈർഘ്യം കുറഞ്ഞത്)

ലീഡർ 2.

FLC എന്നത് അനുരഞ്ജ നത്തിനും സമാധാനത്തി നും നീതിക്കും വേണ്ടി പ്രാർത്ഥിക്കാനുള്ള പ്രസ്ഥാനമാണ്. ഈ പ്രസ്ഥാനത്തിലൂടെ സ്ത്രീകൾ ലോകസമാധാനത്തിനു വേണ്ടി കൈകൾ കോർക്കുന്നു, പ്രാർത്ഥിക്കുന്നു, പ്രയത്നി ക്കുന്നു.

ലീഡർ 3

ചെറുനാണയ കൂട്ടായ്മയുടെ ഉത്ഭവം,

ശാന്തി എന്ന ഭാരതീയ വനിതയ്ക്ക് ദൈവം നൽകിയ ദർശനത്തിന്റെ അടിസ്ഥാനത്തിലാണ്.

പസഫിക് മിഷൻ സംഘത്തിലെ അംഗമായ ശാന്തി, ഏഴ് മറ്റ് വനിതകളോടൊപ്പം 1956 ൽ ഏഷ്യ മുഴുവൻ സന്ദർശിച്ചു.അമേരിക്കയിലെ

പ്രസ്ബിറ്റീരിയൻ സഭയുടെ മിഷനറിയായ Dr. മാർഗരറ്റിൻ്റെ നിർദ്ദേശ പ്രകാര മാണ് ആ സന്ദർശനം നടന്നത്. ടി ദൗത്യത്തിൽ

രണ്ടാം ലോകമഹാ യുദ്ധത്തിൽ

ഏഷ്യൻ വനിതകളുടെ അനുഭവങ്ങളും അവർക്ക് നേരിടേണ്ടി വന്ന പീഡനങ്ങളും ഒറ്റപ്പെടലുകളും അവർക്ക് നഷ്ടപ്പെട്ട സ്വത്തുകളേയും കുറി ച്ച് ശാന്തിക്കും സംഘത്തിനും മനസ്സിലാക്കാൻ സാധിച്ചു

മാത്രമല്ല ,കൊറിയൻ യുദ്ധാനന്തരമുള്ള അതിർത്തി പ്രശ് നം നടന്നിരുന്ന സാഹ ചര്യ ത്തിൽ

ഭാരതത്തിലെ വനിതയെന്ന ഒറ്റ കാരണത്താൽ സൗത്ത് കൊറിയയിലേയ്ക്ക് വിസ, ശാന്തിയ്ക്ക് നിഷേധിക്കപ്പെട്ടു. ആയതിനാൽ അവർക്ക് ഫിലിപ്പെൻസിൽ തങ്ങേണ്ടി വന്നു. ഈ സമയ ത്തെല്ലാം ശാന്തി പ്രാർത്ഥനയ്ക്കായി സമയം വേർതിരിച്ചു.

ലീഡർ 4

മിഷനറി സംഘം ഫിലിപ്പൈൻസിൽ വച്ച് ശാന്തിയെ കണ്ടുമുട്ടിയപ്പോൾ സമാധാനത്തിനു വേണ്ടി പ്രാർത്ഥിക്കണമെന്ന തൻ്റെ ദർശനം അവരുമായി പങ്കുവച്ചു. എല്ലാ ക്രിസ്ത്യൻ വനിതകളും സമാധാനത്തിനും നീതിക്കും അനുരഞ്ജനത്തിനും വേണ്ടി പ്രാർത്ഥി ക്കുവാനും രാജ്യങ്ങൾ തമ്മിലുള്ള അതിർത്തികളിൽ ദൈവകൃപ വ്യാപരിക്കുന്നതിന് വേണ്ടി പ്രാർത്ഥിക്കുവാ നും പ്രതിജ്ഞ എടുത്തു. ഓരോ പ്രാർത്ഥനയ്ക്കു ശേഷവും ഒരു ചെറിയ നാണയം മാറ്റിവയ്ക്കുവാനും അത് തങ്ങൾക്ക്

ലഭിക്കുന്ന ഇടങ്ങളിൽ സമാധാനത്തിനു വേണ്ടി ചെലവഴിക്കുവാനും തീരുമാനിച്ചു.

ഏറ്റവും ചെറിയ നാണയം ആയിരിക്കണം മാറ്റിവയ്ക്കേണ്ടത്. എന്നാൽ മാത്രമേ വ്യത്യസ്ത സാമൂഹിക സാമ്പത്തിക സാഹചര്യങ്ങളിൽ ഉള്ള വനിതകൾക്ക് ഈ പ്രാർത്ഥനകളിൽ , പ്രവർത്തനങ്ങളിൽ, പങ്കാളിയാകുവാൻ കഴിയുകയുള്ളൂ എന്ന് അവർ വിശ്വസിച്ചു.

ലീഡർ 5

ഏഷ്യൻ വനിതകളും അമേരിക്കയിലുള്ള PCUSA എന്ന സംഘടനയുടെ വനിതകളും ഒരുമിച്ച് ചേർന്ന് നിന്ന് ഈ രാജ്യങ്ങൾ തമ്മിലുള്ള സമാധാനത്തിനും വേണ്ടി പ്രവർത്തിക്കാൻ തീരുമാനിച്ചു .ഒരു വെല്ലുവിളിയായി അവർ ഈ ദൗത്യം ഏറ്റെടുത്തു. അങ്ങനെയാണ് ചെറുനാണയ കൂട്ടായ്മ ഉദയം ചെയ്തത് .

അമ്മ ഭൂമിക്ക് വേണ്ടി.

മണ്ണിൽനിന്നും നമ്മൾ വന്നു..
മണ്ണിലേക്ക് നാം തിരിച്ചു പോകും;
നാം മണ്ണിൻറെ മക്കൾ, ഈ
ഭൂമിയുടെ മക്കൾ...
ഭൂമിയിൽ വിത്ത് വിത യ് ക്കുന്നവൻ
ശ്വാസത്തിന്റെ ഉടയവൻ,
അങ്ങ് ഭൂമിയെ സൃഷ്ടിച്ചു...
അങ്ങേയിലേക്ക് നമ്മെ ആ കർഷിച്ചു
പരിപാലിക്കുവാൻ,
ഈ ഭൂമിയെ -
അമ്മ മനസ്സിൻ ഉടയവൻ...

നാം മണ്ണിൻറെ മക്കൾ
കാരുണ്യവും ദയയും നമ്മിലേക്ക്
അങ്ങ് പകർന്നു...
വിത്തിനുള്ള കിടക്കയായി നമ്മെ മാറ്റി...
ഇ ര കളുടെ കണ്ണുനീരിനാ ൽ നമ്മെ നനച്ചു...
പക്ഷേ പ്രതീക്ഷകൾ കൊണ്ട് നമ്മെ വളർത്തി...

പരസ്പരം പഠിക്കുവാൻ ;

പരസ്പരം പ്രവർത്തിക്കുവാൻ ...

പരസ്പരം ഉദാഹരണങ്ങൾ കണ്ട്

ഉൾകാഴ്ചയോടെ ജീവിക്കുവാൻ ,

ഞങ്ങളെ പ്രചോദിപ്പിച്ചു...

അങ്ങയുടെ സ്ഥാനം മനസ്സിലാക്കുവാൻ

ഞങ്ങളെ ശീലിപ്പിക്കേണമേ...

അങ്ങയെ ആരാധിക്കുവാൻ ഉള്ള -

ഇടങ്ങളായി ഞങ്ങളെ മാറ്റേണമേ...

ഞങ്ങളുടെ ചിന്തകളെ,

പ്രവർത്തനങ്ങളെ സ്പർശിക്കേണമേ....

അമ്മ ഭൂമി കൂട്ടുകയും

വളർത്തുകയും ചെയ്തതുപോലെ

അങ്ങ് ഞങ്ങളെ വളർത്തി...

അങ്ങയുടെ മക്കളെ അങ്ങ് താലോലിച്ചു വളർത്തി...
ഇനി വരുന്ന തലമുറയ്ക്കും

കാരുണ്യം കൊടുക്കുവാൻ

ഞങ്ങളെ അങ്ങ് സഹായിച്ചു...

ഞങ്ങളെ ചേർത്ത ണച്ചു.

ഈ സ്ഥലത്തുനിന്ന് ഞങ്ങൾ പിരിയും മുമ്പേ,

ഞങ്ങൾ മറന്നു പോകാതിരിക്കട്ടെ ,

എന്തിനാണ് നാം ഇവിടെ വന്നതെന്ന് ?

എന്തിനാ ണ് സംസാരിച്ചതെന്ന് ?

സങ്കടങ്ങൾ പങ്കുവെച്ചതെന്ന് ?

പരസ്പരം പഠിക്കുവാനും

അവ വീണ്ടും പ്രവർത്തിപഥത്തിലേക്ക്
കൊണ്ടുവരുവാനും

അമ്മ ഭൂമിയെ പോലെ ഞങ്ങളെയും
ശീലിപ്പിക്കേണമേ......

ഈ ഭൂമിയെ നനയ്ക്കുവാൻ

ഞങ്ങളുടെ കൈ കൊണ്ട് തന്നെ

ഈ മണ്ണിനെ മെനയുവാൻ ,

ഞങ്ങളെ സഹായിക്കേണമേ ...

ഞങ്ങളുടെ പ്രവർത്തനങ്ങളെ ഒരുമിച്ച്

കൊണ്ടുവ രേണമേ ...

ഞങ്ങൾ സംസാരിക്കുന്നതും

പ്രവർത്തിക്കുന്നതും ,

അമ്മ ഭൂമിക്ക് വേണ്ടി ആക്കേണമേ...

സാഹചര്യങ്ങളോടെ പൊരുതുവാനും

പുനർനിർമ്മിക്കുവാനും

ഞങ്ങളെ ശീലിപ്പിക്കേണമേ....

എഴുതിയത് - റുയൽ നോർമൻ .ഒ.മാരിഗ്സാ

( ഡിവിനിറ്റി സ്കൂൾ, സിലിമാൻ യൂണിവേഴ്സിറ്റി, ഡ്യൂമ ഗേറ്റ് സിറ്റി, ഫിലിപ്പെൻസ് )

മലേഷ്യയിൽ നടന്ന ശില്പശാല യുടെ പ്രതിഫലനമായി എഴുതിയത്.